**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 387** **29-10-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകളുടെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് ദേവസ്വം ബോർഡുകൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ നൽകിയിട്ടുള്ള സഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | ഉണ്ട്. കോവിഡ് മൂലം ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്ക് പ്രവേശനം നിയന്ത്രിച്ചത് കാരണം സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ ദേവസ്വം ബോർഡുകൾക്ക് കോവിഡ് കാലയളവിൽ സർക്കാർ ആകെ 215.73 കോടി (ഇരുന്നൂറ്റി പതിനഞ്ച് കോടി എഴുപത്തി മൂന്ന് ലക്ഷം രൂപ) സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് - 131.6 കോടി (കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ പ്രത്യേക ധനസഹായമായി അനുവദിച്ച 100 കോടി രൂപയും, 2019-2020, 2020-2021 വർഷങ്ങളിലെ വാർഷിക വിഹിതം ഇനത്തിൽ കോവിഡ് കാലയളവിൽ അനുവദിച്ച 1 കോടി 60 ലക്ഷം രൂപയും പ്രളയവും മറ്റ് വിവിധ കാരണങ്ങളാലും ഉണ്ടായ വരുമാന നഷ്ടം കുറയ്ക്കുന്നതിനായി 2019-2020 സാമ്പത്തിക വർഷം അനുവദിച്ച 30 കോടി രൂപയും ഉൾപ്പെടെ) കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി (കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ അനുവദിച്ച പ്രത്യേക ധനസഹായം) മലബാർ ദേവസ്വം ബോർഡ് - 58.98 കോടി (കോവിഡ് മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി മലബാർ ദേവസ്വം ബോർഡിന് അധിക ധനസഹായമായി അനുവദിച്ച 19 കോടി രൂപയും വിരമിച്ച ക്ഷേത്ര ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി മലബാർ ടെമ്പിൾ എംപ്ലോയിസ് വെൽഫയർ ഫണ്ട് ബോർഡിന് അനുവദിച്ച ഒരു കോടി രൂപയും മലബാർ ദേവസ്വം |

| | | | |
|---|---|---|---|
| | | | ബോർഡിന് വർഷാവർഷം സർക്കാരിൽ നിന്നും ബജറ്റ് അലോട്ട്മെന്റ് പ്രകാരം അനുവദിച്ച് വരുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് ശീർഷകത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾക്കും, ക്ഷേത്ര ജീവനക്കാർക്ക് ശമ്പള ധനസഹായം നൽകുന്നതിനുമായി 2020-2021 സാമ്പത്തിക വർഷം അനുവദിച്ച 20,61,21,740/-(ഇരുപത് കോടി അറുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി എഴുന്നൂറ്റി നാൽപ്പത്) രൂപയും 2021-2022 സാമ്പത്തിക വർഷം ഇതുവരെ അനുവദിച്ച 13,47,62,620/-(പതിമൂന്ന് കോടി നാൽപ്പത്തിയേഴ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി അറുന്നൂറ്റി ഇരുപത്) രൂപയും ആചാര സ്ഥാനീയർക്കും കോലധാരികൾക്കും കുടിശ്ശിക അനുവദിക്കുന്നതിനും അനുവദിച്ച 1.25 കോടി ഉൾപ്പെടെ) കൂടൽ മാണിക്യം ദേവസ്വം - 15 ലക്ഷം (കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ അനുവദിച്ച പ്രത്യേക ധനസഹായം) |
| (ബി) | ക്ഷേത്രങ്ങളിലെ വരുമാനത്തിലുണ്ടായ കുറവുമൂലം ദേവസ്വം ബോർഡുകൾ പ്രതിസന്ധിയിലായ സാഹചര്യത്തിൽ പ്രധാന ക്ഷേത്രങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഉത്സവങ്ങളും വിശേഷാൽ പൂജകളും ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | കോവിഡ് മാനദണ്ഡങ്ങൾ കാർശനമായി പാലിച്ച് നിലവിലുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി ക്ഷേത്രങ്ങളിൽ വിശേഷാൽ പൂജകളും ചടങ്ങുകളും മറ്റും നടത്തിവരുന്നുണ്ട്. |
| (സി) | ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ വിശ്വാസികളായ പ്രവാസികൾക്ക് ഓൺലൈനായി വഴിപാടുകളും പൂജകളും ബുക്ക് ചെയ്ത് നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ; വിശദീകരിക്കുമോ; | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ശബരിമലയടക്കമുള്ള 27 ക്ഷേത്രങ്ങളിൽ ഓൺലൈൻ വഴിപാടുകൾ നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് 374 ക്ഷേത്രങ്ങളിൽ കൂടി ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിൽ ഓൺലൈൻ വഴിപാട് സൗകര്യവും 30 ക്ഷേത്രങ്ങളിൽ മൊബൈൽ ആപ്പ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി ക്ഷേത്രങ്ങളിൽ കൂടി ആയത് നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിൽ ഓൺലൈൻ വഴിപാടുകൾ അതാത് ക്ഷേത്രങ്ങളുടെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിലെ എല്ലാ വഴിപാടുകളും ഓൺലൈൻ വഴി ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അന്യ സംസ്ഥാനത്ത് വസിക്കുന്നവർക്കും ദൂര പ്രദേശത്ത് താമസിക്കുന്നവർക്കും വഴിപാടുകൾ |

| | | | |
|---|---|---|---|
| | | | ഓൺലൈനായി ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ കൂടൽ മാണിക്യം ദേവസ്വവും നടപ്പിലാക്കിയിട്ടുണ്ട്. പ്രവാസികൾക്ക് കൂടൽ മാണിക്യം ദേവസ്വത്തിൽ ഓൺലൈൻ വഴിപാടുകളും പൂജകളും ചെയ്യുന്നതിനുള്ള നടപടികൾ ദേവസ്വം സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | മണ്ഡല, മകരവിളക്ക് ഉത്സവങ്ങൾ ആരംഭിക്കുന്നതിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ ശബരിമല തീർത്ഥാടനത്തിന്റെ മുന്നൊരുക്കങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ? | (ഡി) | ശബരിമല തീർത്ഥാടകർക്ക് യാത്രാ സൗകര്യത്തിനുള്ള റോഡ് മെയിന്റനൻസ് വർക്കുകൾ, വിശ്രമത്തിനും കുടിവെള്ളലഭ്യത, പ്രാഥമിക ആവശ്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനും ചികിത്സാ സൗകര്യം തുടങ്ങിയ കാര്യങ്ങൾക്കും വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കി തീർത്ഥാടനം സുഗമമാക്കാനുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പ് മന്ത്രി 16/06/2021-നും 07/09/2021-നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, ഉദ്യോഗസ്ഥർ എന്നിവരുമായും 28/06/2021-ന് ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും, 06/07/2021-ന് ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും 07/07/2021-ന് ബഹു. പൊതുമരാമത്തും ടൂറിസവും വകുപ്പ് മന്ത്രിയുടെയും, ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിലും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് അതത് വകുപ്പുകൾ എടുക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. അതിൻ പ്രകാരമുള്ള അറ്റകുറ്റപ്പണികളും നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നു. ശബരിമല മണ്ഡല, മകരവിളക്ക് തീർത്ഥാടനത്തിനുള്ള തയ്യാറെടുപ്പുകൾ അവലോകനം ചെയ്യുന്നതിനും പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07/10/2021-ന് യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ കോവിഡ് 19 സാഹചര്യത്തിൽ നടക്കുന്ന ഈ വർഷത്തെ ശബരിമല മണ്ഡല, മകരവിളക്ക് തീർത്ഥാടനം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ട്. തീർത്ഥാടനത്തിന് അനുവദിക്കുന്ന തീർത്ഥാടകരുടെ എണ്ണം അന്തിമമായി തീരുമാനിച്ചിട്ടില്ലെങ്കിലും ശബരിമലയിലും അനുബന്ധ പ്രദേശങ്ങളായ പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലും തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മേൽനോട്ടത്തിൽ |

| | | | |
|---|---|---|---|
| | | | ദ്രുതഗതിയിൽ നടന്നുവരികയാണ്. മരാമത്ത് പണികൾക്കുള്ള ടെൻഡറുകൾ വിളിക്കുകയും തീർത്ഥാടന കാലത്തിന് മുൻപായി അവ പൂർത്തിയാകുന്ന രീതിയിൽ പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. വഴിപാട് സാധനങ്ങൾക്കുള്ള ടെൻഡർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. സ്റ്റാളുകളുടെയും മറ്റും ലേലവും ആരംഭിച്ചിട്ടുണ്ട്. ശബരിമല ഇടത്താവളങ്ങളിലെല്ലാം മുൻ വർഷങ്ങളിലെ പോലെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രത്യേകിച്ചും നിലയ്ക്കൽ, എരുമേലി, ചെങ്ങന്നൂർ, ഏറ്റുമാനൂർ തുടങ്ങിയ ഇടത്താവളങ്ങളിലെല്ലാം മുൻ വർഷങ്ങളിലെപോലെ തീർത്ഥാടകർക്ക് ആവശ്യമായ വിശ്രമ സൗകര്യം, കുടിവെള്ളം, ടൊയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ